# പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.226 — 17.08.2017 ന് മറുപടിയ്ക്ക്.

**ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ആക്രമണം തടയാൻ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.രാജു എബ്രഹാം.<br>ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ജനവാസകേന്ദ്രങ്ങളിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്ന 1980-ലെ ചട്ടങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് 01.08.2016 മുതൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) വികസിപ്പിച്ചെടുത്ത ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൻ അക്ഷയ സെന്റർ മുഖേനയോ, ഇ-ഡിസ്ട്രിക്ട് വെബ്സൈറ്റ് വഴിയോ, ബന്ധപ്പെട്ട സ്ഥലത്ത് അധികാര പരിധിയുള്ള ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് റെയിഞ്ച് ഫോറസ്റ്റാഫീസർക്ക് അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും. കൂടാതെ നഷ്ടപരിഹാരം വിതരണം നടത്തുന്നതിനുള്ള ഫണ്ട് എല്ലാ ഓഫീസുകളിലും സമയത്ത് ലഭ്യമാക്കുന്നുണ്ട്. |
| (ബി) കൃഷിയിടങ്ങളിലേയ്ക്ക് വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി വനപ്രദേശങ്ങളിൽ അവയ്ക്കാവശ്യമായ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) കൃഷിയിടങ്ങളിലേയ്ക്ക് വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി വനപ്രദേശങ്ങളിൽ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട് അവയ്ക്കാവശ്യമായ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ 477 ഹെക്ടർ വനമേഖലകളിൽ മുള തൈകൾ പുതിയതായി നട്ടു പിടിപ്പിച്ചിട്ടുണ്ട്. |
| (സി) വേനൽക്കാലത്ത് വെള്ളത്തിനായി ഇവ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് ഒഴിവാക്കുന്നതിനായി വനമേഖലകളിലുള്ള സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വനാതിർത്തിക്കുള്ളിൽ പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) വനമേഖലകളിലുള്ള സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വനാതിർത്തികൾക്കുള്ളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഇതിന്റെ ഭാഗമായി കഴിഞ്ഞ വേനൽക്കാലത്തിനു മുമ്പായി കേരളത്തിലെ വനമേഖലയിലാകെ 2946 ജലസ്രോതസ്സുകൾ കണ്ടെത്തി നവീകരിച്ചു. വയലുകൾ |

എന്നു വിളിക്കുന്ന ചതുപ്പ് നിലങ്ങളിൽ 61 സ്ഥലങ്ങളിൽ വെള്ളം തടഞ്ഞുനിർത്തുവാൻ മൺ ബണ്ടുകൾ നിർമ്മിച്ചു. 30 സ്ഥലങ്ങളിൽ പുല്ലു നട്ട് ബണ്ടുകൾ ബലപ്പെടുത്തി. കൂടാതെ 141 ചെക്ക്ഡാമുകൾ നന്നാക്കുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ